"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ഡോ.സുരേഷ് ബാബു.സി ഫയൽ ചെയ്ത ഒഎ നം 1127/2023 കേസിൽ ബഹു ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3316/2023/H&FWD തീയതി,തിരുവനന്തപുരം, 17-12-2023

പരാമർശം:-

1. ഡോ.സുരേഷ് ബാബു.സി ഫയൽ ചെയ്ത ഒഎ നം 1127/2023 കേസിൽ ബഹു ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്
2. ഡോ.സുരേഷ് ബാബു സി സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.09.2023 തീയതിയിലെ ഇഎ2-15287/2023/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജനായ ഡോ.സുരേഷ് ബാബുവിന് ആരോഗ്യ വകുപ്പിലെ സിവിൽ സർജൻമാരുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, വയനാട് ജില്ലയിലെ തരിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ഇതിനെതിരെ ടിയാൻ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 1127/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തു. ടി കേസിൽ ബഹു.ട്രിബ്യൂണൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഡോ.സുരേഷ് ബാബു പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ ഒരുമാസത്തിനുള്ളിൽ തീർപ്പു കൽപ്പിക്കുവാൻ ബഹു. ട്രിബ്യൂണൽ നിർദേശിച്ചിരുന്നു.

(2) ഡോ.സുരേഷ് ബാബു.സി സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം(3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഡോ.സുരേഷ് ബാബു പൊതു സ്ഥലം മാറ്റത്തിൽ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ഒഴിവ് ഇല്ലാത്തതിനാലോ അല്ലെങ്കിൽ കൂടുതൽ അർഹത ഉള്ളവരെ പരിഗണിക്കേണ്ടി വന്നതിനാലോ ആണ് അപേക്ഷകന് ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ നിയമനം നൽകാൻ കഴിയാത്തത് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ

ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ നിയമനം നൽകുന്നതിനായി നിലവിൽ ഒഴിവുകളില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

(3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.സുരേഷ് ബാബു സമർപ്പിച്ചപരാമർശം (2) പ്രകാരമുള്ള Annexure-A6 അപ്പീലിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരാകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം ഒഎ 1127/2023 നമ്പർ കേസിലെ ബഹു ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.സുരേഷ് ബാബു .സി., സിവിൽ സർജൻ ( ആരോഗ്യ വകുപ്പ് ഡയറക്ടർമുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
R Renuka
Date: 17-12-2023 13:27:59

**മേലെഴുത്ത് നം: ഇ.എ2-15287/2023/ആ.വ.ഡ തീയതി:01-01-2024**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി